REHABILITATION PLANTATIONS LIMITED
A JOINT VENTURE OF GOVT. OF INDIA & GOVT.OF KERALA REGD. OFFICE: PUNALUR – 691 305, KOLLAM KERALA, INDIA.

E-mail: mdrplpunalur@gmail.com www.rplkerala.com
An ISO 9001:2015 &14001:2015 Company Tel: Office:0475-2222971,2222972, 2222973

പുനർ ദർഘാസ് - പുനർ ലേല പരസ്യം

റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഹെഡ്ഡാഫീസ് കോമ്പൗണ്ടിൽ നിൽക്കുന്ന **രണ്ട് തെങ്ങിൽ നിന്നും ഒരു റമ്പൂട്ടാൻ മരത്തിൽ നിന്നും** ഡിസംബർ **2025 മുതൽ** നവംബർ **2027 വരെ** (**2 വർഷം**) ഉണ്ടായേക്കാവുന്ന ആദായം കമ്പനി നിബന്ധനകൾക്ക് വിധേയമായി ശേഖരിച്ചു കൊണ്ടുപോകുന്നതിനുള്ള അവകാശം പുനർ ദർഘാസ്- പുനർ ലേലം വഴി **08/12/2025 തീയതി 3.00 മണിക്ക് ഹെഡ്ഡാഫീസിൽ വച്ച് നടത്തുന്നതാണ്**. ലേലസമയത്തിനു (2.30 pm) മുമ്പായി ദർഘാസുകൾ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

പുനർ ദർഘാസ്-പുനർ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അന്നേ **ദിവസം 2.30 pm.-ന് മുമ്പായി EMD 100/- രൂപ** ആഫീസിൽ അടയ്ക്കേണ്ടതാണ്.

ടി വ്യവസ്ഥകളുടെ ഒരു കോപ്പി ഒപ്പിട്ട് ഹെഡ്ഡാഫീസിൽ EMD യോടൊപ്പം ഏൽപിക്കേണ്ടതുമാണ്. ലേലം കഴിഞ്ഞ് ഉടനെ തന്നെ ദർഘാസ് തുറക്കുന്നതുമാണ്. ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്തിട്ടുള്ള വ്യക്തി മൊത്തം തുകയുടെ മൂന്നിലൊന്ന് അന്നേ ദിവസം തന്നെ ആഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലദിവസം ഏതെങ്കിലും കാരണത്താൽ അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും ലേലം നടത്തുന്നതായിരിക്കും. വിശദമായ പുനർ ദർഘാസ്- പുനർ ലേല വ്യവസ്ഥകൾ ഹെഡ്ഡാഫീസിൽ ലഭ്യമാണ്.

RPL/SALES/7035/2025/1881 dtd. 27/11/2025

(ഒപ്പ്)
കമ്പനി സെക്രട്ടറി

Contact: Deputy Manager (Com.)
Ph:0475-2222971, 72

റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്
രജി. ഓഫീസ്, പുനലൂർ

RPL/SALES/7035/2025/1881 27/11/2025

പുനർ ദർഘാസ്- പുനർ ലേലവ്യവസ്ഥകൾ

1. പുനർ ദർഘാസ്- പുനർ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിന് മുമ്പ് പരസ്യത്തിൽ കാണിച്ചിട്ടുള്ള വൃക്ഷങ്ങളുടെ ഉൽപ്പാദനക്ഷമത വിലയിരുത്തേണ്ടതും ലേലം കഴിഞ്ഞോ ലേലത്തുക ഉറപ്പിച്ചിട്ടുള്ള കമ്പനിയുടെ അറിയിപ്പു കിട്ടിയതിനുശേഷമോ അതേപ്പറ്റി യാതൊരു തർക്കങ്ങളും പുറപ്പെടുവിപ്പിക്കുവാൻ പാടില്ലാത്തതും ആകുന്നു.

2. വൃക്ഷങ്ങളിൽ നിന്നും ആദായമെടുക്കുമ്പോൾ വൃക്ഷങ്ങൾക്ക് കേടുവരുത്തുവാൻ പാടില്ല. ആയതുമൂലം കമ്പനിക്കുണ്ടാകുന്ന ഏല്ലാവിധ നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കാൻ കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

3. പുനർ ദർഘാസ്- പുനർ ലേലത്തിൽ സൂചിപ്പിച്ച വൃക്ഷങ്ങളുടെ ആദായം എടുക്കുന്നതിനു മാത്രമാണ് കരാറുകാരന് അധികാരം. വൃക്ഷങ്ങൾ നിൽക്കുന്ന സ്ഥലത്തു മറ്റുവിധത്തിലുള്ള യാതൊരു കൃഷിപ്പണികളും നിർമ്മാണപ്രവർത്തനങ്ങളും നടത്തുവാൻ പാടുള്ളതല്ല.

4. പുനർ ദർഘാസ്-പുനർ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലവ്യവസ്ഥകൾ അംഗീകരിക്കുന്നതായി കാണിക്കുന്നതിനു വേണ്ടി ദർഘാസ്-ലേലവ്യവസ്ഥകളുടെ ഒരു കോപ്പി ഒപ്പിട്ട് നിരതദ്രവ്യം 100/- രൂപ അടച്ച് ദർഘാസ്-ലേലത്തിൽ പങ്കെടുക്കേണ്ടതാണ്.

5. ഏറ്റവും കൂടിയ തുക പുനർ ദർഘാസ്- പുനർ ലേലത്തിൽ വിളിക്കുന്ന ആൾ ദർഘാസ്-ലേലം കഴിഞ്ഞാലുടൻ തുകയുടെ മൂന്നിലൊന്ന് കമ്പനിയിൽ അടയ്ക്കേണ്ടതും പ്രസ്തുത തുക അടയ്ക്കുവാൻ വീഴ്ച വരുത്തുകയാണെങ്കിൽ കമ്പനിക്ക് അയാളുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതിനും ഏറ്റവും കൂടിയ രണ്ടാമത്തെ തുക പുനർ ദർഘാസ്-പുനർ ലേലത്തിൽ വിളിച്ചയാൾ ഏറ്റവും കൂടിയ തുകയോ അതിൽ കൂടുതലോ, തുകയ്ക്ക് കരാറിൽ ഏർപ്പെടാൻ സന്നദ്ധത അറിയിക്കുകയാണെങ്കിൽ ടി തുകയുടെ 1/3 കമ്പനിയിൽ അടച്ച് സന്നദ്ധത അറിയിക്കാവുന്നതാണ്. ടി വ്യക്തി ഇതിന് സന്നദ്ധനല്ലെങ്കിൽ ലേലത്തിൽ ഏറ്റവും കൂടിയ തുക പുനർ

ദർഘാസ്-പുനർ ലേലത്തിൽ വിളിച്ച് 1/3 തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയ ആദ്യ കക്ഷിയുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം നടത്തുന്നതിന് കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. പുനർ ലേലത്തിൽ നഷ്ടമാണ് ഉണ്ടാവുന്നതെങ്കിൽ നഷ്ടം നികത്തുവാൻ ടി വ്യക്തി ബാദ്ധ്യസ്ഥനാകുന്നു. പുനർ ദർഘാസ്-ലേലത്തിൽ കൂടിയ തുക വന്നാൽ പ്രസ്തുത തുകക്ക് വീഴ്ച വരുത്തിയ കരാറുകാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

6. പുനർ ദർഘാസ്- പുനർ ലേലം സ്ഥിരപ്പെടുത്തിയ അറിയിപ്പു കിട്ടി 7 (ഏഴ്) ദിവസത്തിനകം പണം അടച്ചതിനുശേഷം മാത്രം ഫലവൃക്ഷങ്ങളുടെ സംര ക്ഷണ ചുമതല കരാറുകാരനിൽ നിക്ഷിപ്തമായിരിക്കുന്നത് ആകുന്നു.

7. കായ്ഫലങ്ങൾ സംരക്ഷിക്കുന്നതിനോ ശേഖരിക്കുന്നതിനോ കരാറുകാരൻ ആരെയെ ങ്കിലും നിയോഗിച്ചിട്ടുണ്ടെങ്കിൽ ആയവരുടെ മേൽവിലാസവും മറ്റു വിവര ങ്ങളും കമ്പനിയെ രേഖാമൂലം അറിയിക്കേണ്ടതും ആയതു കമ്പനി അംഗീ കരിക്കേണ്ടതുമാകുന്നു. ഇപ്രകാരം കരാറുകാരൻ നിയോഗിക്കുന്ന വ്യക്തി യുടെ പ്രവൃത്തികൾക്കും കരാറു കാരൻ പൂർണ്ണ ഉത്തരവാദി ആയിരിക്കുന്ന താണ്.

8. പുനർ ദർഘാസ്- പുനർ ലേലത്തിൽ കാണിച്ചിട്ടുള്ള തെങ്ങിൽ നിന്നും പാക മായ തേങ്ങകൾ മാത്രമേ കരാറുകാലയളവിൽ സംഭരിക്കുവാൻ പാടുള്ളു. തെങ്ങിൽ നിന്നും പാകമാകാത്ത തേങ്ങ, കരിക്ക് ഇവ സംഭരിക്കുവാൻ പാടുള്ളതല്ല. കൂടാതെ തെങ്ങ് ചെത്താൻ കൊടുക്കുക തുടങ്ങിയ പ്രവൃത്തി കളും ചെയ്യുവാൻ പാടുള്ളതല്ല.

9. കമ്പനി ഉദ്യോഗസ്ഥർക്ക് ഉടമ്പടി കാലയളവിൽ ഉടമ്പടിയിൽ ഉൾപ്പെട്ടിട്ടുള്ള വൃക്ഷ ങ്ങളും ചെടികളും നിൽക്കുന്ന സ്ഥലത്ത് പ്രവേശിക്കുന്നതിനും ലേലക്കാരൻ കൊടുത്തിട്ടുള്ള അവകാശം ഒഴിച്ചുള്ള കൃഷികാര്യങ്ങൾ നടത്തുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

10. പ്രകൃതിക്ഷോഭം, മോഷണം മുതലായവ മൂലമുള്ള കരാറുകാരന്റെ കഷ്ടനഷ്ടങ്ങൾക്ക് കമ്പനി ഉത്തരവാദി ആയിരിക്കുന്നതല്ല. കൂടാതെ കരാറുകാരന്റെ ഉപേക്ഷകൊണ്ട് വിളവെടുക്കുവാൻ കാലതാമസം ഉണ്ടാകുകയോ, തൊഴിൽ തർക്കങ്ങൾ മൂലമുണ്ടാ കുന്ന നഷ്ടങ്ങൾ മുതലായവയ്ക്ക് കമ്പനിക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

11. കരാറുകാരന്റെ ഏതെങ്കിലും പ്രവർത്തി മൂലം കമ്പനിക്കോ സ്ഥാപര ജംഗമ വസ്തുക്കൾക്കോ മറ്റു ജീവജാലങ്ങൾക്കോ ഏതെങ്കിലും കഷ്ടനഷ്ടങ്ങൾ സംഭവിച്ചാൽ പ്രസ്തുത കാര്യങ്ങൾക്ക് കമ്പനിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല, കരാറുകാരൻ മാത്രായിരിക്കും പൂർണ്ണ ഉത്തരവാദി.

12. സെക്യൂരിറ്റിയായി കണക്കാക്കപ്പെടുന്ന കരാറുകാരന്റെ നിരതദ്രവ്യം ഉടമ്പടി കാലാവധിക്കുശേഷം ബാദ്ധ്യത കഴിച്ച് നൽകുന്നതാണ്. ബാദ്ധ്യതകളെക്കുറിച്ചുള്ള തർക്കങ്ങൾ മാനേജിംഗ് ഡയറക്ടറുടെ തീരുമാനങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്.

(ഒപ്പ്)

പുനലൂർ **കമ്പനി സെക്രട്ടറി**

REHABILITATION PLANTATIONS LTD,PUNALUR - 691 305

TENDER FORM

TENDER NOTIFICATION NO. RPL/SALES/7035/2025/1881 dtd. 27/11/2025

TENDER DTD: 08/12/2025

1. Name and address of the Tenderer:

2. Telephone No.

Sl. No.	Name of items	Rate Quoted in	
		Figures (₹)	Words(₹)
1	Sale of right for collection of Usufructs i.e from 2 Coconut trees and 1 Rumbuttantree at H.O for the period from December 2025 to November 2027		

I/ We hereby accept all the terms and conditions attached herewith in connection with the Sale of right for collection of Usufructs mentioned above.

Place:

Date: Signature